# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5183 28.10.2016 ൽ മറുപടിയ്ക്ക്**

**<u>സ്വകാര്യബസ്സ് പെർമിറ്റുകൾ</u>**

| ചോദ്യം<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീമതി.സി.കെ. ആശ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സ്വകാര്യബസ്സുകൾക്ക് ഫാസ്റ്റ്പാസഞ്ചർ, സൂപ്പർ ഫാസ്റ്റ് റൂട്ടുകളിൽ ഓടുന്നതിന് നിലവിൽ അനുമതിയുണ്ടോ; വ്യക്തമാക്കുമോ; | (എ) | ജി.ഒ.(പി).73/13 തീയതി 16.07.2013 നം ഉത്തരവ് പ്രകാരം കെ.എസ്.ആർ.ടി.സി യ്ക്ക് മാത്രമേ ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ് തുടങ്ങിയ സർവ്വീസുകൾ നടത്തുവാൻ അനുമതിയുള്ളൂ. |
| (ബി) | സ്വകാര്യ ബസ്സുകൾക്ക് ഓർഡിനറി, ലിമിറ്റഡ് സ്റ്റോപ്പ് പെർമിറ്റുകൾ മാത്രമേ നൽകാവൂ എന്നും മറ്റ് ഉയർന്ന സർവ്വീസുകൾ കെ.എസ്.ആർ.ടി.സി.ക്ക് മാത്രമായി പരിമിതപ്പെടുത്തണമെന്നും സുപ്രീം കോടതി ഉത്തരവുണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉത്തരവില്ല. എന്നാൽ ടി സർക്കാർ ഉത്തരവിനെതിരെ സ്വകാര്യ ബസ്സുടമകൾ ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസുകളിലും അപ്പീലുകളിലും ടി സർക്കാർ ഉത്തരവ് പ്രകാരമുള്ള സ്കീം നിലനിർത്തിയിട്ടുണ്ട്. ഇതിനെതിരെ ബഹു.സുപ്രീംകോടതിയിൽ എസ്.എൽ.പി ഫയൽ ചെയ്തിരുന്നെങ്കിലും ആയത് തള്ളി ഉത്തരവായിട്ടുള്ളതാണ്. |
| (സി) | പ്രസ്തുത സുപ്രീംകോടതി വിധി വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. യുടെ ടിക്കറ്റ് വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദീകരിക്കുമോ? | (സി) | വർദ്ധനവ് ഉണ്ടായിട്ടില്ല. സ്വകാര്യ ബസ്സുകൾ കെ.എസ്.ആർ.ടി.സി-യുടെ സൂപ്പർ ക്ലാസ്സ് സർവ്വീസുകൾക്ക് ഒപ്പം തന്നെ ഓർഡിനറി സർവ്വീസുകളായി ഓപ്പറേറ്റ് ചെയ്ത് വരുന്നതിനാലാണ് കെ.എസ്.ആർ.ടി.സി യുടെ വരുമാനം വർദ്ധിക്കാതിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ